**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3814** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോവളം-കാസർഗോഡ് പശ്ചിമതീര കനാൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ഡോ സുജിത് വിജയൻപിള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ചരക്കുനീക്കത്തിനും വിനോദസഞ്ചാര വികസനത്തിനും ഏറെ പ്രയോജനപ്രദമായ ദേശീയ ജലപാത 3 -നെ ബന്ധിപ്പിച്ചുകൊണ്ടുള്ള കോവളം - കാസർഗോഡ് പശ്ചിമതീര കനാലിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി.മീ. നീളമുള്ള പശ്ചിമതീര ജലപാതയുടെ കൊല്ലം മുതൽ കോഴിക്കോട് ജില്ലയിലെ കല്ലായി വരെയുള്ള ഭാഗങ്ങൾ IWAI (ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇന്ത്യ) ആണ് വികസിപ്പിക്കുന്നത്. കോവളം മുതൽ കൊല്ലം വരെയും കല്ലായി മുതൽ ബേക്കൽ വരെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കു ന്നത് സംസ്ഥാന സർക്കാരാണ്. കനാൽ വികസന പ്രവൃത്തികളും അതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളും പുരോഗമിച്ച് വരുന്നു. വലിയ തുക ആവശ്യമായ മേൽ പ്രവൃത്തികൾ കിഫ്ബിയുടെ ധനസഹായത്തോടെ KWIL (ക്വിൽ) എന്ന SPV മുഖാന്തിരം നടപ്പിലാക്കി വരുന്നു. കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത NW-3യായി പ്രഖ്യാപിച്ചിട്ടുള്ളതും ഇതിൽ 168 കി.മീ. ഗതാഗത യോഗ്യവുമാണ്. എന്നാൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്ത് 160 കി.മീ. ദേശീയ ജലപാത യായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, പൂർണ്ണ തോതിൽ ഗതാഗത യോഗ്യമാക്കുന്ന തിനായി നിരവധി പാലങ്ങളും റെഗുലേറ്ററുകളും നിർദ്ദിഷ്ട മാനദണ്ഡമ നുസരിച്ച് പൊളിച്ചു മാറ്റുകയോ പുതുക്കി പണിയുകയോ ചെയ്യേണ്ടതായിട്ടുണ്ട്. കോഴിക്കോട് - പയ്യോളി റൂട്ടിൽ ജലപാത വികസനത്തിന് തടസ്സമായി നില കൊള്ളുന്ന കനോലി കനാലിന്റെ വികസന പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനായി കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വടകര – മാഹി 17.61 കി.മീ. ഭാഗത്ത് കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. മാഹി മുതൽ വളപട്ടണം |

| | | | |
|---|---|---|---|
| | | | വരെയുള്ള 58.5 കി.മീറ്ററിൽ 26 കി.മീറ്ററിൽ കനാൽ പുതുതായി നിർമ്മിക്കുന്നതുമായി ബന്ധ പ്പെട്ട് അലൈൻമെന്റ് ക്രമപ്പെടുത്തൽ പ്രവൃത്തി പുരോഗമിയ്ക്കുന്നു. നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള 26 കി. മീ. ഭാഗത്ത് 20 കി. മീ. പൂർണ്ണ തോതിൽ ഗതാഗത യോഗ്യമാണ്. എന്നാൽ 6 കി.മീ. നീളത്തിൽ പുതുതായി കനാൽ ദീർഘിപ്പിക്കേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പദ്ധതിക്കായി കിഫ്ബിയിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ; ഏതെല്ലാം പ്രവൃത്തികൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്; | (ബി) | ഉൾനാടൻ ജലഗതാഗത വികസന ത്തിന് താഴെപ്പറയുന്ന പ്രവൃത്തികൾക്കായി കിഫ്ബിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ ശുചീകര ണത്തിനും പുനരുദ്ധാരണത്തിനുമായി 150 കോടി രൂപയ്ക്ക് കിഫ്ബി ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മാഹി - വളപട്ടണം കനാലിന്റെ നിലവിൽ കനാലുള്ള ഭാഗത്തിന്റെ വികസനത്തിനും കനാൽ ഇല്ലാത്ത ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്ന തിനും ആവശ്യമായ അധിക ഭൂമി ഏറ്റെടുക്കുന്നതിനും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കുമായി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)-ന് കിഫ്ബിയിൽ നിന്നും 650 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്തെ കനാൽ പുറമ്പോക്കിലെ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിന് 247.02 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | പശ്ചിമതീര കനാലുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ എവിടെയൊക്കെയാണ്; അവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (സി) | പശ്ചിമതീര കനാലുമായി ബന്ധപ്പെട്ട 1200 കി. മീ. വരുന്ന 50 ഓളം ഫീഡർ കനാലുകൾ ഉണ്ട്. മുൻഗണനാടിസ്ഥാന ത്തിൽ വികസിപ്പിക്കേണ്ട കനാലുകൾ സംബന്ധിച്ച് NATPAC ഉം ആയി ചേർന്ന് പഠനം ആരംഭിച്ചിട്ടുണ്ട്. പശ്ചിമതീര കനാലിനോടൊപ്പം 2025-ഓടെ തെരഞ്ഞെടുത്ത ഫീഡർ കനാലുകളും വികസിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ